Draft #23 of File 9939/AD B9/2/2019/AD B 9 Approved by ASSISTANT REGISTRAR V (ADMINISTRATION) on 15-Nov-2019 04:20 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 9939/AD B9/2/AD B 9/AD B 9 തീയതി: 15.11.2019

**<u>സർക്കുലർ</u>**

വിഷയം:- 'ഡി.ഡി.എഫ്.എസ് സംവിധാനത്തിലെ ഫയൽ മൂവ്മെന്റ്', 'ഇ-പേയ്മെന്റ് വെരിഫിക്കേഷൻ' എന്നീ വിഷയങ്ങളെ ആസ്പദമാക്കി സർവ്വകലാശാലാ ജീവനക്കാർക്കായി നടത്തുന്ന പരിശീലന പരിപാടി.

സൂചന :- ബഹു. വൈസ് ചാൻസലറുടെ 07.11.2019 ലെ ഉത്തരവ്.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ, സർവ്വകലാശാലയിലെ ഭരണ-ധനകാര്യ-അക്കാദമിക-പരീക്ഷാ വിഭാഗങ്ങളിലും, വിവിധ പഠനവകുപ്പുകളിലും സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ്/ സീനിയർ ഗ്രേഡ് അസിസ്റ്റന്റ്/ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ/ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലുള്ള ജീവനക്കാരിൽനിന്നും, സർവ്വകലാശാലാ ലൈബ്രറിയിൽ സേവനമനുഷ്ഠിക്കുന്ന വിവിധ തസ്തികകളിലുള്ള ജീവനക്കാരിൽനിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 100 ജീവനക്കാർക്ക് **'ഡി.ഡി.എഫ്.എസ് സംവിധാനത്തിലെ ഫയൽ മൂവ്മെന്റ്', 'ഇ-പേയ്മെന്റ് വെരിഫിക്കേഷൻ'** എന്നീ വിഷയങ്ങളെ ആസ്പദമാക്കി **2019 നവംബർ 20** ന് Training & Interactive Session നടത്തുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. പ്രസ്തുത പരിശീലന പരിപാടി സർവ്വകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് സെമിനാർ ഹാളിൽ വച്ച് ടി തീയതിയിൽ രണ്ട് ബാച്ചുകളായി നടത്തുന്നതാണ് (10.30 am to 1.00 pm & 2.00 pm to 4.30 pm).

ആയതിനാൽ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ജീവനക്കാർ **20.11.2019** ന് ഉൾപ്പെട്ടിരിക്കുന്ന ബാച്ചിനായി നിഷ്കർഷിച്ചിരിക്കുന്ന സമയത്തുതന്നെ സർവ്വകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് സെമിനാർ ഹാളിൽ ഹാജരാകേണ്ടതാണ്. ടി പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ട ജീവനക്കാരുടെ പേരുവിവരങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാലാ വെബ് സൈറ്റിലും (www.mgu.ac.in), എ.ഡി.ബി IX സെക്ഷനിലും ലഭ്യമാണ്. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർ നിർബന്ധമായും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

**പോൾ വർഗീസ്**
അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.
2. വി.സി/ പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ സി.ഇ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ.

4. ജെ.ആർ (ഭ.വി) I/ ഡി.ആർ (ഭ.വി) I/ എ.ആർ (ഭ.വി) I.
5. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി, എം. ജി സർവ്വകലാശാല.
6. സെക്ഷൻ ഓഫീസർ, എ.ഡി.എ I.
7. ജനറൽ ക്യാഷ്/ സി.എം.എസ്/ IQAC/ റെക്കോർഡ്സ്.
8. എസ്.എഫ്/ എഫ്.സി.

Draft #23 of File 9939/AD B9/2/2019/AD B 9 Approved by ASSISTANT REGISTRAR V (ADMINISTRATION) on 15-Nov-2019 04:20 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം